# പതിനാലാം കേരള നിയമസഭ

## പത്താം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത
ചോദ്യം നമ്പർ : 5316

26.03.2018-ൽ
മറുപടിയ്ക്ക്

## സാങ്കേതിക സർവ്വകലാശാലയുടെ പ്രവർത്തനം

*ചോദ്യം*
ശ്രീ.മഞ്ഞളാംകുഴി അലി
ശ്രീ. വി.കെ.ഇബ്രാഹിം കുഞ്ഞ്
ശ്രീ. സി.മമ്മൂട്ടി
ശ്രീ.പി.കെ.ബഷീർ

*ഉത്തരം*
പ്രൊഫ.സി.രവീന്ദ്രനാഥ്
(ബഹു. വിദ്യാഭ്യാസ വകുപ്പ് മന്ത്രി)

| | | | |
|---|---|---|---|
| (എ) | സംസ്ഥാനത്ത് സാങ്കേതിക സർവ്വകലാശാല നിലവിൽ വന്നശേഷം എഞ്ചിനീയറിംഗ് വിദ്യാഭ്യാസത്തിന്റെ ഗുണനിലവാരത്തിൽ വന്ന മാറ്റം വിലയിരുത്തിയിട്ടുണ്ടോ; എങ്കിൽ എന്തെല്ലാം ഗുണപരമായ മാറ്റങ്ങൾ ഉണ്ടായിട്ടുണ്ട് എന്നാണ് കരുതുന്നത്; | (എ) | ഉണ്ട്. എ.പി.ജെ. അബ്ദുൾ കലാം ശാസ്ത്ര സാങ്കേതിക സർവ്വകലാശാല അഫിലിയേറ്റ് ചെയ്തിട്ടുള്ള കോളേജുകളിൽ പാഠ്യപദ്ധതിയുടെ ഭാഗമായി തന്നെ വിദ്യാർഥികളുടെ ശേഷി വികസിപ്പിക്കുന്നതിനും തൊഴിൽ നേടുവാൻ പ്രാപ്തരാക്കുന്നതിനുമായി വിവിധ Soft skill development Programme ഉൾപ്പെടുത്തിയിട്ടുണ്ട്. സംരംഭകത്വ പ്രോത്സാഹനത്തിനായി പ്രത്യേക സ്റ്റാർട്ട് അപ്പ് നയം സർവ്വകലാശാല പുറത്തിറക്കിയിട്ടുണ്ട്. സംരംഭകത്വ പ്രവർത്തനത്തിൽ ഏർപ്പെടുന്ന വിദ്യാർഥികൾക്ക് ഒരു വർഷം അവധി അനുവദിക്കുന്നതിനും |

| | | | |
|---|---|---|---|
| | | | വ്യവസ്ഥ ചെയ്തിട്ടുണ്ട്. ഈ മേഖലയിലെ പ്രവർത്തനങ്ങൾ ഊർജ്ജിതമാക്കുന്നതിന്റെ ഭാഗമായി സർക്കാർ സഹായത്തോടെ തിരഞ്ഞെടുത്ത 20 കോളേജുകളിൽ ഫാബ് ലാബ് സ്ഥാപിച്ചിട്ടുണ്ട്. കൂടാതെ കേരള സ്റ്റാർട്ട് അപ്പ് മിഷനുമായും, അസാപ്മായും സഹകരിച്ചുകൊണ്ട് സർവ്വകലാശാല ശേഷി വികസനത്തിനായി വിവിധ പദ്ധതികൾ വിഭാവനം ചെയ്തു വരുന്നു. അതാതു കോളേജുകളിൽ പരിശീലനം ലഭിച്ച അദ്ധ്യാപകർ തന്നെയാണ് ക്ലാസുകൾ കൈകാര്യം ചെയ്യുന്നത്. ആവശ്യാനുസരണം കോളേജുകൾക്ക് പുറത്ത് നിന്നുള്ള വിദഗ്ധരെയും നിയോഗിക്കുവാൻ കഴിയും. |
| (ബി) | സാങ്കേതിക സർവ്വകലാശാലയുടെ പ്രവർത്തനത്തിന് ബന്ധപ്പെട്ട നിയമത്തിൽ വ്യവസ്ഥ ചെയ്യുന്ന പ്രകാരമുള്ള സംവിധാനങ്ങൾ മുഴുവൻ ഏർപ്പെടുത്താൻ കഴിഞ്ഞിട്ടുണ്ടോ; ഇല്ലെങ്കിൽ ഇത് സർവ്വകലാശാലയുടെ പ്രവർത്തനത്തെ പ്രതികൂലമായി | (ബി) & (സി) | എ.പി.ജെ. അബ്ദുൾ കലാം ശാസ്ത്ര സാങ്കേതിക സർവ്വകലാശാലയുടെ പ്രവർത്തനം കൂടുതൽ ജനാധിപത്യപരവും ചിട്ടയോടും കൂടി മാറ്റുന്നതിനായി സർക്കാർ, സർവ്വകലാശാല ആക്റ്റിൽ വേണ്ടുന്ന ഭേദഗതി വരുത്തി ഓർഡിനൻസ് |

| | | | |
|---|---|---|---|
| | ബാധിക്കുന്നുണ്ടോയെന്ന കാര്യം പരിശോധിച്ചിട്ടുണ്ടോ; വിശദാംശം ലഭ്യമാക്കാമോ; . | | പുറത്തിറക്കിയിട്ടുണ്ട്. അത് പ്രകാരം സർവ്വകലാശാല പ്രവർത്തനം മികവുറ്റതാക്കുന്നതിനു വേണ്ടി ബോർഡ് ഓഫ് ഗവർണേഴ്സ്, സിൻഡിക്കേറ്റ്, അക്കാദമിക് കൗൺസിൽ, എന്നിവ രൂപീകരിക്കുവാനും നടപടി സ്വീകരിച്ചു വരുന്നു. സർവ്വകലാശാലയുടെ കാര്യക്ഷമമായ പ്രവർത്തനത്തിന്, നിയമത്തിൽ വ്യവസ്ഥ ചെയ്തിട്ടുള്ള പ്രകാരമുള്ള എല്ലാ സംവിധാനങ്ങളും ഏർപ്പെടുത്തുന്നതിന് ഫലപ്രദമായ നടപടികൾ സ്വീകരിച്ചു വരുന്നു. |
| (സി) | സാങ്കേതിക സർവ്വകലാശാലയുടെ കാര്യക്ഷമമായ പ്രവർത്തനത്തിന് നിയമത്തിൽ വ്യവസ്ഥ ചെയ്തിട്ടുള്ള പ്രകാരമുള്ള എല്ലാ സംവിധാനങ്ങളും ഏർപ്പെടുത്തുന്നതിന് നടപടി സ്വീകരിക്കുമോ? | | |

സെക്ഷൻ ഓഫീസർ